"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ്- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്- കണ്ണൂർ സർക്കാർ ആയുർവേദ കോളേജിലെ പി.ജി. വിദ്യാർത്ഥിനി ഡോ. ഉമ്മുൽ ഹസ്നത്തിന് സർക്കാർ ജോലിയിൽ പ്രവേശിക്കുന്നതിനായി പി.ജി. കോഴ്സിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.63/2025/AYUSH തീയതി,തിരുവനന്തപുരം, 11-02-2025

---

പരാമർശം:- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ജി3/99/2025/ഡിഎഎംഇ നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ സർക്കാർ ആയുർവേദ കോളേജിലെ പി.ജി രസശാസ്ത്ര & ഭൈഷജ്യ കൽപ്പന ഒന്നാം വർഷ വിദ്യാർത്ഥിനി ഡോ. ഉമ്മുൽ ഹസ്നത്ത്-ന് കേരള പി.എസ്.സി. മുഖേന ക്ലാർക്ക് തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ചതായും പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പി.ജി. കോഴ്സിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.ജി. പ്രോസ്പെക്ടസിലെ ബന്ധപ്പെട്ട നിബന്ധനകൾക്ക് വിധേയമായും ഡോ. ഉമ്മുൽ ഹസ്നത്ത് സമർപ്പിച്ചിട്ടുള്ള ബോണ്ടിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിലും കണ്ണൂർ സർക്കാർ ആയുർവേദ കോളേജിലെ ഒന്നാം വർഷ രസശാസ്ത്ര & ഭൈഷജ്യകല്പന വിദ്യാർത്ഥിനിയായ ഡോ. ഉമ്മുൽ ഹസ്നത്തിനെ കേരള പി.എസ്.സി. മുഖാന്തരം ലഭിച്ച ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പി.ജി. കോഴ്സിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ, സർക്കാർ ആയുർവേദ കോളേജ്, കണ്ണൂർ
ഡോ. ഉമ്മുൽ ഹസ്നത്ത് (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, വെബ് & ന്യൂമീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Pradeep R S
Date: 11-02-2025 14:55:11